(എഫ്) ഈ വിഷയം സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ ഒന്നുംതന്നെ നിലവിലില്ല. നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സംസ്ഥാനത്തെ സ്വാശ്രയ നഴ്സിംഗ് കോളേജുകൾ**

114 (4400) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ ആകെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്; ഇവരുടെ ഫീസ് ഘടന സർക്കാർ നിശ്ചയിച്ചതാണോ; അല്ലെങ്കിൽ ഇവയിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഓരോ വർഷവും എത്ര വിദ്യാർത്ഥികളാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും പഠനം പൂർത്തിയാക്കുന്നതെന്നറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ നഴ്സിംഗ് കൗൺസിൽ അംഗീകാരമുള്ള 105 സ്വാശ്രയ നഴ്സിംഗ് കോളേജുകൾ പ്രവർത്തിക്കുന്നു. ഇവിടങ്ങളിൽ എല്ലായിടത്തുമായി 5590 നഴ്സിംഗ് സീറ്റുകളുമുണ്ട്. ഇവരുടെ മെരിറ്റ് സീറ്റിലെ ഫീസ് ഘടന സർക്കാർ അംഗീകരിച്ചതാണ്.

(ബി) ഏകദേശം ഓരോ വർഷവും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം.

പോസ്റ്റ് ബേസിക്

| | | |
|---|---|---|
| ബി.എസ്.സി. നഴ്സിംഗ് | - | 730 |
| എം.എസ്.സി. നഴ്സിംഗ് | - | 403 |
| ബി.എസ്.സി. നഴ്സിംഗ് | - | 3604 |

പുതിയ കോളേജ്/കോഴ്സുകൾ അനുവദിക്കുന്ന മുറയ്ക്ക് ഈ കണക്കിൽ മാറ്റം വരാം.

**ഹയർഗ്രേഡ് അനുവദിക്കുന്നതിന് കാലതാമസം**

115 (4401) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ താമസക്കാരനും തിരുവനന്തപുരം ഗവ. ഡെന്റൽ കോളേജിലെ മെഡിക്കൽ ഫോട്ടോഗ്രാഫറുമായ എസ്. ഷാജിക്ക്

LIBRARY ARCHIVES Kerala Legislative Assembly

9 വർഷവും 8 മാസവും ഇടർച്ചയായി സർവ്വീസ് ഉണ്ടായിട്ടും 8 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാതിരിക്കാൻ എന്താണ് കാരണം; വിശദമാക്കാമോ;

(ബി) ഹയർഗ്രേഡ് അനുവദിക്കുന്നതിന് കാലതാമസം വരുത്തിയ ജീവനക്കാരനെതിരെ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രീ. എസ്. ഷാജിക്ക് 8 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് ഇ 3/6559/2014/മെ.വി.വ. തീയതി 26-11-2014 എന്ന ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ബാധകമല്ല.

## ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

116 (4402) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ പാളിച്ചയുണ്ടെന്ന ആക്ഷേപത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ലോക്കൽഫണ്ട് ഓഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ ഓഡിറ്റിലെയും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(സി) പരിശോധനയില്ലാതെ അഫിലിയേഷനും പുതിയ കോഴ്സുകളും അനുവദിച്ചെന്ന പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; ഇതിന്റെയടിസ്ഥാനത്തിൽ സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കാമോ;

(ഡി) സർവ്വകലാശാലയിലെ ഏതൊക്കെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അവർക്കെതിരെയുള്ള ആരോപണങ്ങൾ എന്തെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly